# സാഹിത്യവാരഫലം

1986/12/07 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

# സാഹിത്യവാരഫലം

1986/12/07-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

ആ യുവാവ് യൂണിവേഴ്സിറ്റി കോളെജിലെ വിദ്യാർത്ഥിയായിരുന്ന കാലത്ത് പതിവായി എന്റെ വീട്ടിൽ വരുമായിരുന്നു. സാഹിത്യത്തെക്കുറിച്ചു സംസാരിക്കും. പുസ്തകങ്ങൾ വേണമെന്നു പറയും. എന്റെ കൈയിൽ ആ പുസ്തകങ്ങളുണ്ടെങ്കിൽ ഞാൻ കൊടുക്കും. ഈ പരിചയം ക്രമേണ സ്നേഹമായി വികസിച്ചപ്പോൾ അയാൾ വീട്ടുകാര്യങ്ങൾ, ജീവിതരഹസ്യങ്ങൾ ഇവയൊക്കെ എന്നോടു പറഞ്ഞിരുന്നു. അയാൾ വീട്ടിൽ വന്നു കയറുമ്പോൾ അടുത്ത ബന്ധു വരുന്നു എന്ന തോന്നലായിരുന്നു എനിക്ക്. കാലം കഴിഞ്ഞു. മത്സരപ്പരീക്ഷയിൽ ഒന്നാമനായോ മറ്റോ ആയിട്ട് അയാൾ വിദേശത്തേക്കു പോയി. അവിടെ അടിക്കടി ഉയർന്നു. അടുത്ത പദവി അംബാസിഡർ. അതിലേക്കു ചെല്ലുന്നതിനു മുൻപ് അയാൾ ഞാൻ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ ഒരദ്ധ്യാപികയെ കാണാൻ വന്നു. എന്റെ നേർക്ക് ഒരു മന്ദസ്മിതമെറിഞ്ഞിട്ട് യുവാവ് അവരോടു സംസാരിച്ചുകൊണ്ടിരുന്നു. ദൃഢമെന്നു ഞാൻ വിചാരിച്ചിരുന്ന ഒരു ബന്ധത്തെ അയാൾ ഇത്ര അനായാസം പൊട്ടിച്ചെറിയുന്നല്ലോ എന്നു വിചാരിച്ച് ദുഃഖത്തോടെ ഞാൻ 'ഇടയ്ക്കു കയറി' ചോദിച്ചു. "ചൈന നമ്മുടെ രാജ്യത്തെ ആക്രമിക്കുകയാണല്ലോ. റഷ്യ നമ്മളെ സഹായിക്കുമോ?" യുവാവ് രാജകീയമായി ശിരസ്സൊന്നു തിരിച്ച് മറുപടി നല്കി: "You see our most delightful day be that on which we could say thus. No more war" ഞാൻ അത്ഭുതപ്പെട്ടുപോയി. റഷ്യ സഹായിക്കും അല്ലെങ്കിൽ സഹായിക്കുകയില്ല. ഇവയിൽ ഏതെങ്കിലും ഒരു മറുപടിയാണ് ഞാൻ പ്രതീക്ഷിച്ചത്. അതിനു പകരം എനിക്കു കിട്ടിയത് ഇനി യുദ്ധമില്ല എന്നു പറയാൻ നമുക്കു കഴിയുന്ന ദിനമാണ് ഏറ്റവും ആഹ്ലാദദായകം എന്ന പ്രസ്താവമാണ്. നമ്മുടെ ആ പഴയ പയ്യന് എന്തൊരു മാറ്റം! അദ്ദേഹം 'അമ്പാസിഡറിയൻ ഡിഗ്നിറ്റി'യോട് ഇത്രയും എന്നോടു പറഞ്ഞിട്ട് ആ ഡിഗ്നിറ്റി ഉപേക്ഷിച്ചു തരുണിയോടു സംസാരിക്കുന്ന വേളയിൽ ഞാൻ പുസ്തകമെടുത്തുകൊണ്ട് വരാന്തയിലേക്കു ചാടി. പിന്നെ ആ മനുഷ്യനെ ഞാൻ കണ്ടിട്ടേയില്ല. കുറ്റം പറയാനില്ല. പദവികളിലെത്തുമ്പോൾ അവയ്ക്കു യോജിച്ച വിധത്തിലേ സംസാരിക്കാനാവൂ.

രാഷ്ട്രീയ നേതാക്കന്മാർ പ്രസംഗിക്കുന്നതു കേട്ടിട്ടില്ലേ? ഹൃദയത്തിൽനിന്നോ മസ്തിഷ്കത്തിൽനിന്നോ അല്ല അവരുടെ വാക്കുകൾ വരുന്നത്. ടേപ്പിൽ നിന്നു ആഗമിക്കുന്ന പദങ്ങളും സമസ്തപദങ്ങളും അവയങ്ങനെ ഒഴുകും. ഒഴുകുന്ന സന്ദർഭത്തിൽ നേതാവ് അന്നു മന്ത്രിയെക്കണ്ട് സംസാരിക്കേണ്ട കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുകയാവും. യന്ത്രത്തിൽ നിന്നു വരുന്ന പ്രഭാഷണം പോലെയൊരു പ്രഭാഷണം നമുക്കു നല്കിയിട്ട് അദ്ദേഹം പോകും. ആ നേതാവിന്റെ മനസ്സിനു ചലനമില്ല. ശ്രോതാക്കളായ നമുക്കും ചലനമില്ല. ആർജ്ജവത്തോടെ നടത്തപ്പെടുന്ന ഒരു സാഹിത്യ പ്രഭാഷണം ശ്രോതാക്കളെ ചലനം കൊള്ളിക്കും. ഒരു 'രാഷ്ട്രീയ പ്രസംഗ'വും ഇന്നു വരെ ആരെയും സ്പർശിച്ചിട്ടില്ല. 'കൊടും പട്ടിണി', നരകീയയാതന', നാറുന്ന സർക്കാർ,' 'ഒറ്റക്കെട്ടായി നില്ക്കേണ്ടതിന്റെ ആവശ്യകത' ഇങ്ങനെ ചൈതന്യരഹിതങ്ങളായ പദങ്ങൾ ഉച്ചഭാഷണിയിലൂടെ വന്ന് നമ്മുടെ ഈയർ ഡ്രമ്മിൽ അടിച്ചിട്ട് പ്രതിധ്വനിയോടെ വെളിയിലേക്കു പോകുന്നു. എന്നാൽ അതല്ല ആർജ്ജവത്തോടെ കവി എഴുതുമ്പോൾ ഉണ്ടാകുന്ന അവസ്ഥ.

> 'മരിക്ക സാധരണമീവിശപ്പിൽ
> ദ്ദഹിക്കലോ നമ്മുടെ നാട്ടിൽ മാത്രം
> ഐക്യക്ഷയത്താലടിമശ്ശങ്ങ-
> ളടിഞ്ഞുകൂടും ചുടുകാട്ടിൽ മാത്രം

എല്ലാവർക്കും അറിയാവുന്ന, എല്ലാവരും പറയുന്ന ഒരാശയമേ കവി ഇവിടെ ആവിഷ്കരിച്ചിട്ടുള്ളൂ. എന്നാൽ ഇതു നമ്മെ സ്പർശിക്കുന്നു. ഒരു പുതിയ സത്യം കണ്ടാലെന്നപോലെ നമ്മൾ ആഹ്ലാദിക്കുന്നു. വാക്കുകളെ വിന്യസിക്കേണ്ട വിധത്തിൽ വിന്യസിച്ചതിന്റെ ഫലമാണിത്. വിശപ്പിനെക്കുറിച്ചും ഐക്യക്ഷയത്തെക്കുറിച്ചും അവ്യക്തങ്ങളും വിശാലങ്ങളുമായ ആശയങ്ങൾ നമുക്കുണ്ട്. അവയിൽ ഒരു തിരഞ്ഞെടുപ്പു നടത്തി പടം ചട്ടക്കൂട്ടിലൊതുക്കുന്നതുപോലെ ഒരനുഭവശകലത്തെ ഫ്രെയിം ചെയ്തുവയ്ക്കുകയാണ് കവി. അപ്പോൾ ജനിക്കുന്നവ ഉത്കൃഷ്ടമായ കവിതയും. അംബാസഡറന്മാരും രാഷ്ട്രീയക്കാരും സന്ദിഗ്ദ്ധഭാഷ പ്രയോഗിച്ചുകൊള്ളട്ടെ. നമുക്കു കവിഭാഷണങ്ങൾ മാത്രം മതി. അവ നമ്മുടെ മനുഷ്യത്വത്തെ വികസിപ്പിക്കും.

## സാഹിത്യമെന്നാൽ എന്ത്?



മോപസാങ്

ബനിഡേറ്റോ ക്രോചേ വളരെ വാഴ്ത്തിയ ഒരു കഥയുണ്ട് മോപസാങ്ങിന്റേതായി. In Pccr എന്നാണ് അതിന്റെ പേര്. കപ്പൽ തുറമുഖത്ത് അടുത്തു. നാവികർ ഒരു വേശ്യാലയം തിരഞ്ഞെടുത്ത് അകത്തു കയറി. അവരുടെ നേതാവ് ആരോഗ്യമുള്ള ദുക്ലോ എന്ന യുവാവാണ്. അയാൾ മടിയിലിരുന്ന ചെറുപ്പക്കാരിയെ ആലിംഗനം ചെയ്തുകൊണ്ട് സംസാരിച്ചു. സംഭാഷണത്തിനിടയ്ക്ക് അയാളുടെ ജന്മദേശവും മറ്റും മനസ്സിലാക്കിയിട്ട് അവൾ ചോദിച്ചു:

"നിങ്ങൾക്കു ദുക്ലോയെ അറിയാമോ?"

"എനിക്കറിയാം" തുടർന്നുള്ള സംഭാഷണം അവൾ പറഞ്ഞു: "എന്റെ കാര്യം ദുക്ലോയോടു പറയുകയില്ലെന്നു സത്യം ചെയ്യൂ".

"ഞാൻ സത്യം ചെയ്യുന്നു".

"ഞാൻ അയാളുടെ സഹോദരിയാണ്".

അവളുടെ പേര് അറിയാതെ അയാളുടെ ചുണ്ടുകളിൽ നിന്നു വീണു.

"ഫ്രാങ്സ്വസ്".

"ഓ! ദുക്ലയാണോ?"

സഹോദരനും സഹോദരിയും. അയാൾ നാവികനായി ജന്മദേശം വിട്ടിട്ട് വളരെക്കാലമായി. അച്ഛനമ്മമാർ മരിച്ചപ്പോൾ മറ്റു മാർഗ്ഗമില്ലാതെ അവൾ പരിചാരികയായി. ഗൃഹനായകൻ അവളെ ബലാൽസംഗം ചെയ്തു. അവിടം വിട്ടിറങ്ങിയ അവൾ വേശ്യയായി മാറി. ഇപ്പോൾ താനറിയാതെ സഹോദരനുമായി വേഴ്ച. അതറിഞ്ഞയുടനെ ദുക്ലേ കൈ വിടർത്തിക്കൊണ്ട് കമിഴ്ന്നു വീണു. അയാൾ തറയിൽക്കിടന്ന് ഉരുണ്ടു. നിലവിളിച്ചു. മരണയാതന. നിലത്തു കൈകാലുകൾ ഇട്ടടിക്കുന്ന അയാളെ നോക്കി നാവികർ പരിഹസിച്ചു പറയുകയായി. "പാതിയല്ലേ കടിച്ചുള്ളൂ". അയാളെ സ്വീകരിച്ച യുവതിയുടെ കിടക്ക. അവൾ അതിനടുത്ത് കസേരയിലിരുന്നു. നേരം വെളുക്കുന്നതുവരെ അവൾ കരഞ്ഞുകൊണ്ടിരുന്നു.

അയാളുടെയും അവളുടെയും തീവ്രവേദനയും വിഷാദവുമാണ് ക്രോചെയെ ആകർഷിച്ചത്. അതു ചിത്രീകരിച്ച മോപാസാങ്ങ് ധർമ്മാനുഷ്ഠാന തല്പരനായി സന്മാർഗ്ഗനിരതനായി കാണപ്പെട്ടു. കലയുടെ ഭംഗിയും സദാചാരത്തിന്റെ ഭംഗിയും ഈ കഥയുടെ സവിശേഷതകളാണ് എന്നു മനസ്സിലാക്കാൻ സാഹിത്യം എന്തല്ല എന്നു മനസ്സിലാക്കാൻ കുങ്കുമം വാരികയിൽ ദേവസ്സി ചിറ്റമ്മൽ എഴുതിയ "ആലീസേച്ചി" എന്ന കഥ വായിച്ചു നോക്കുക. ആലീസ് ചേച്ചി നേരത്തെ നാടുവിട്ടു പോയവളാണ്. അവൾ ഇന്നു വേശ്യ. വേശ്യാലയത്തിൽ ചെന്നു കയറിയ സ്വന്തം നാട്ടുകാരനായ ചെറുപ്പക്കാരനെ അവൾ വെള്ളിക്കുരിശെടുത്തു കാണിച്ചു മാനസാന്തരം വരുത്തി പറഞ്ഞയയ്ക്കുന്നു. മോപാസാങ്ങ് കഥാപാത്രങ്ങളുടെ മാനസികപ്രവർത്തങ്ങളും വികാരങ്ങളും ചിത്രീകരിച്ച് സാന്മാർഗ്ഗികത്വത്തിന്റെ പരിവേഷം നിർമ്മിക്കുന്നു. ചിറ്റമ്മലിന്റെ കഥയിൽ ഈ വികാരങ്ങളോ ചിന്തകളോ ഇല്ല. ഗ്രന്ഥകാരന്റെ അധീശത്വമേയുള്ളൂ. "മാനസാന്തരം വരുന്നു എന്നു ഞാൻ കല്പിക്കുന്നു" എന്നാണ് അദ്ദേഹത്തിന്റെ മട്ട്. മോപാസാങ്ങിന്റെ ശ്രദ്ധ മുഴുവൻ രണ്ടു കഥാപാത്രങ്ങളുടെയും മാനസികനിലകളിലാണ്. ദേവസ്സി ചിറ്റമ്മൽ ശ്രദ്ധിക്കുന്നത് സ്ഥലത്തെയാണ്. വ്യക്തികളെയാണ്. അശ്രദ്ധ കലയോടു ബന്ധപ്പെട്ടതല്ല, കാരണം മാനസാന്തരം കലാപരമായ വിശ്വാസമുളവാക്കുന്നില്ല എന്നതത്രേ.

ഇത്രയും എഴുതിക്കൊണ്ടു ചില ബുദ്ധിരഹിതന്മാർ പറയും കൃഷ്ണൻ നായർ മോപാസാങ്ങിന്റെ ഭാവന ദേവസ്സി ചിറ്റമ്മലിന് ഇല്ലെന്നു എഴുതിയെന്ന്. ഞാനതു് ഉദ്ദേശിച്ചിട്ടേയില്ല. സാഹിത്യമെന്തെന്ന് വിശദമാക്കാൻ ഒരു പടിഞ്ഞാറൻ കഥയെ ഉദാഹരണമായി സ്വീകരിച്ചെന്നേയുള്ളൂ. ബഷീറിന്റെയോ ഉറൂബിന്റേയോ കഥകളെടുത്തും എനിക്കതു് അനുഷ്ഠിക്കാവുന്നതേയുള്ളൂ.

അവിശുദ്ധമായ വേശ്യാത്വത്തെക്കുറിച്ചുള്ള ചിന്ത എന്നെ വിശുദ്ധമായ ദാമ്പത്യജീവിതത്തിലേക്കു നയിക്കുന്നു. രണ്ടിനും കാര്യമായ വ്യത്യാസങ്ങളുണ്ടോ? ആലോചിക്കാം. ദാമ്പത്യജീവിതത്തിൽ കൂടെക്കൂടെയുള്ള പ്രസവം കൊണ്ടു ഭാര്യയുടെ സൗന്ദര്യവും ആരോഗ്യവും നശിക്കുന്നു. വേശ്യാജീവിതത്തിൽ പല പുരുഷന്മാരുമായുള്ള വേഴ്ച നിമിത്തം സ്ത്രീയുടെ സൗന്ദര്യവും ആരോഗ്യവും ഇല്ലാതാകുന്നു. മധുവിധു കഴിഞ്ഞാൽ അയാൾക്ക് താല്പര്യമൊന്നുമില്ല. മുറി മാറിക്കിടക്കുന്നു. അന്യർ തെറ്റിദ്ധരിക്കാതിരിക്കാൻ വേണ്ടി രണ്ടുപേരും ഒരു മുറിയിൽ കിടക്കുമ്പോഴും ഇടയ്ക്ക് അവർ തലയണ എടുത്തുവയ്ക്കുന്നു. പുരുഷന് ശാരീരികാവശ്യം വരുമ്പോഴേ വേശ്യയെ കാണേണ്ടതുള്ളൂ. അതു കഴിഞ്ഞാൽ അയാൾ പോകുകയായി. പിന്നെ വേശ്യയെക്കുറിച്ചു ചിന്തയില്ല. അടുത്ത ആവശ്യം വരുന്നതുവരെ ഭർത്താവിന്റെ മാനസികനിലയും ഇതിൽനിന്നു വിഭിന്നമല്ല, പുരുഷൻ വേശ്യയ്ക്കു പണം കൊടുക്കുന്നു. വീട്ടുചെലവിനെന്നു പറഞ്ഞ് ഭർത്താവ് കൊടുക്കുന്ന പണത്തിന് അത്ര പാവനത്വമൊന്നുമില്ല. അടുത്തകാലത്തോ പണ്ടെങ്ങോ ഉണ്ടായ ശാരീരിക വേഴ്ചയുടെ പാരിതോഷികമായി അതിനെ പരിഗണിക്കാം. പ്രസവിച്ചും ഭർത്താവിനു വേണ്ടി കഷ്ടപ്പെട്ടും മക്കളെ പാടുപെട്ടു വളർത്തിയും ആരോഗ്യം നശിച്ച് ഭാര്യ ക്യാൻസർ വന്നു മരിക്കുന്നു; വേശ്യ പല പുരുഷന്മാരെ പ്രാപിച്ച് സിഫിലിസ് പിടിച്ച് മരിക്കുന്നു. കല്യാണമണ്ഡപത്തിൽ "ആഹ്ലാദത്തിന്റെ പാൽക്കടലിൽ ലക്ഷ്മീദേവി"യെപ്പോലെ നില്ക്കുന്ന വധു അവിടെ വച്ചുതന്നെ ഹോമിക്കപ്പെടുന്നു. വേശ്യാലയത്തിലെ ഫോം റബ്ബർ കിടക്കയിൽ കിടക്കുന്ന വേശ്യ ആദ്യത്തെ വേഴ്ച കൊണ്ടുതന്നെ തകർന്നടിയുന്നു. ദാമ്പത്യജീവിതത്തിൽ പുരുഷന് അന്യസ്ത്രീയിൽ കണ്ണ്. വേശ്യയെ പ്രാപിച്ച പുരുഷനു മറ്റൊരു വേശ്യയിൽ കണ്ണ്. രണ്ടും തമ്മിലെന്തേ വ്യത്യാസം? ഒരു വ്യത്യാസമുണ്ട്. ദാമ്പത്യജീവിതം മാന്യമാണെന്ന് ആളുകളുടെ നാട്യം. വേശ്യയുമായുള്ള വേഴ്ച അമാന്യകരമാണെന്ന് ആളുകളുടെ മട്ട്.

## അപരിചിതത്വം

ഒരു സംഭവത്തെക്കുറിച്ചു വീണ്ടുമെഴുതാൻ വായനക്കാർ സമ്മതിക്കുമോ? സ്ത്രീകളിൽ അമിത കൗതുകമാർന്ന ഒരാളുമായി ഞാൻ ഒരു മീറ്റിംഗിനു പോയി. അദ്ദേഹം അദ്ധ്യക്ഷനാണു സമ്മേളനത്തിന്റെ. കുറെ ദൂരം സഞ്ചരിച്ചാൽ ഒരു പ്രാസംഗിക കൂടെ കാറിൽ കയറും. കാറ് അവരുടെ വീട്ടിന്റെ നടയിൽ നിറുത്തിയപ്പോൾ അദ്ധ്യക്ഷൻ എന്നോട് ആവശ്യപ്പെട്ടു. "കൃഷ്ണൻ നായർ, നിങ്ങൾ മുൻസീറ്റിലിരിക്കണം. അവർ ഇവിടെയിരിക്കട്ടെ". ഞാൻ ഡോർ തുറക്കാൻ ഭാവിച്ചപ്പോൾ പ്രാസംഗിക വീട്ടിൽ നിന്നിറങ്ങി വരുന്നു. "അവരുടെ കൂടെയുള്ളത് ആരാണ്?" എന്ന അദ്ധ്യക്ഷന്റെ ചോദ്യം. "ഭർത്താവ്" എന്ന് എന്റെ മറുപടി. "അയാളും കൂടെ വരുമോ?" എന്ന് അദ്ധ്യക്ഷൻ. "വരും" എന്നു ഞാൻ. "എന്നാൽ കൃഷ്ണൻ നായർ ഇവിടെയിരുന്നാൽ മതി" എന്ന് നൈരാശ്യത്തോടെ അദ്ദേഹം. കാറ് വീണ്ടും നീങ്ങി. അപ്പോൾ അസ്വസ്ഥനായ അദ്ധ്യക്ഷൻ എന്റെ കാതിൽ ചോദിച്ചു. "Why is she so lean?" ഞാൻ അത്ഭുതപ്പെട്ട് "She is not lean still" എന്ന് അദ്ദേഹത്തോട് പറഞ്ഞു. അദ്ധ്യക്ഷൻ വിട്ടില്ല. "No, No she is very lean" എന്നായി അദ്ദേഹം. അവരുടെ ജോലി എന്താണ്. എവിടെയാണ് ജോലി സ്ഥലം എന്നൊക്കെ അന്വേഷിച്ച ആ കാമാതുരൻ. ഞാൻ വളരെപ്പുതുക്കെ വിവരങ്ങൾ അദ്ദേഹത്തെ അറിയിച്ചു. "അപ്പോൾ ഉച്ചയ്ക്ക് അവരെന്തു കഴിക്കും? എന്ന പിന്നീടും ചോദ്യം.

**ഞാൻ:** ഹോട്ടലിൽ നിന്നു വല്ലതും കഴിക്കും.

**അദ്ധ്യ:** അവിടെ ഹോട്ടലുകൾ ഇല്ലല്ലോ.

**ഞാൻ:** ചായക്കടകൾ ഏറെയുണ്ട് സാർ. വല്ല വാഴയ്ക്കപ്പമോ വടയോ വാങ്ങിത്തിന്നുമായിരിക്കും.

**അദ്ധ്യ:** അങ്ങനെ വരട്ടെ. ഉച്ചയ്ക്കു വാഴയ്ക്കപ്പമോ വടയോ തിന്നാൽ ക്ഷീണിക്കില്ലേ ശരീരം? That is why she is so lean.

മുൻപിലിരിക്കുന്ന നല്ല വണ്ണമുള്ള സ്ത്രീ അദ്ദേഹത്തിന്റെ കാമചാപല്യങ്ങൾ അറിയുമെന്നതുകൊണ്ട് ഞാൻ പിന്നീട് ഒരു ചോദ്യത്തിനും മറുപടി നല്കിയില്ല. സമ്മേളനസ്ഥലത്തെത്തി. വീട്ടിൽ നിന്ന് മുഷിഞ്ഞ മുണ്ടും കീറിയ ഷർട്ടും ധരിച്ചു വന്ന അദ്ധ്യക്ഷൻ ഒരു മുറിയിൽ കയറി വേഷം മാറി തിരിച്ചെത്തിയപ്പോൾ മറ്റൊരു വ്യക്തി. ഇളം നീല ബുഷ്ഷർട്ട്. അതിനു ചേരുന്ന പാന്റ്സ്. എല്ലാം പട്ട്. ബനിയന്റെ കഴുത്തു വെളിയിൽ കാണാം. അതും സില്ക്ക് തന്നെ. തലമുടി ചീകി എന്തോ കുഴമ്പു തേച്ചിരിക്കുന്നു. കവിൾത്തടങ്ങളിൽ ക്രീം പുരട്ടിയിരിക്കുന്നു. ആകെക്കൂടി ഒരു തേജസ്സ്. ആരോ പറഞ്ഞതുപോലെ ഒരു സുന്ദരക്കുട്ടപ്പൻ. അദ്ദേഹത്തെക്കണ്ട പ്രാസംഗിക അറിയാതെ പറഞ്ഞുപോയി. "ഹാ ഹാ ഇപ്പോൾ ഒരു പുതിയാദ്ധ്യക്ഷൻ തന്നെ. ഈ ഭംഗിയൊക്കെ എവിടെ ഒളിച്ചു വച്ചിരുന്നു ഇത്രനേരം?" പ്രാസംഗികയുടെ നർമ്മബോധം കലർന്ന ആ ചോദ്യങ്ങൾ എനിക്കും ഇഷ്ടപ്പെട്ടു (പ്രാസംഗിക എന്ന പ്രയോഗം ശരിയല്ല).

ഈ സംഭവത്തിൽ ഒരു കലാരഹസ്യം ഒളിഞ്ഞിരിപ്പുണ്ട്. പരിചിതങ്ങളായ വസ്തുക്കളെ അപരിചിതത്വം വരുത്തി പ്രദർശിപ്പിക്കുന്നതാണ് കല. അദ്ധ്യക്ഷൻ പുതിയ അദ്ധ്യക്ഷനാകുന്നതു തന്നെയാണത്. ഈ അപരിചിതത്വം അനുരാധയ്ക്ക് വരുത്താനറിഞ്ഞുകൂടാ എന്നതാണ് അവർ വിമൻസ് മാഗസിനിൽ എഴുതിയ അസ്തമയത്തിനു മുൻപേ എന്ന കഥയുടെ ദോഷം. തന്നിഷ്ടക്കാരിയായ മകൾ 'സ്വയംവരം' നടത്തുമ്പോൾ അച്ഛൻ ഒറ്റയ്ക്കാകുന്നു. ആ അച്ഛൻ ആശുപത്രിയിൽ കിടന്നു മരിക്കുന്നു. അതിനുമുമ്പ് അയാൾ അവൾക്ക് മാപ്പു കൊടുക്കുന്നുണ്ട്. സദൃശ്യമായ ഒരവസ്ഥയിൽപ്പെട്ട ഒരു നേഴ്സ് മരിച്ചയാളിന്റേയും അയാളുടെ മകളുടെയും ചരിത്രമറിഞ്ഞ് സ്വന്തം പിതാവിനെക്കണ്ട് മാപ്പു ചോദിക്കാൻ പോകുമ്പോൾ കഥ അവസാനിക്കുന്നു. റഷ്യയിലെ ഒരു രൂപശില്പവാദിയാണ് കലയുടെ ഈ അപരിചിതത്വസ്വഭാവത്തിന് ഊന്നൽ കൊടുത്തത്. Ostranenrye എന്ന റഷ്യൻ പദമാണ് അദ്ദേഹം പ്രയോഗിച്ചത്. അതിന്റെ അർത്ഥം അപരിചിതത്വം വരുത്തുകയെന്നും. രൂപശില്പാദികളെ നമ്മൾ അംഗീകരിച്ചില്ലെന്നു വരും. എന്നാൽ അദ്ദേഹത്തിന്റെ ഈ കലാസിദ്ധാന്തത്തിൽ തെറ്റില്ലാത്തതുകൊണ്ട് നമുക്ക് എതിർപ്പ് ഉണ്ടാവുകയില്ല.

## ആർജ്ജനം



ഷുമാഹർ

എന്റെ പെൺമക്കളുടെ വിവാഹത്തിനു ക്ഷണക്കത്ത് അച്ചടിച്ചപ്പോൾ kindly avoid presents എന്നും കൂടി ചേർത്തിരുന്നു. എങ്കിലും ചാലക്കടയിലെ സ്റ്റീൽപ്പാത്രങ്ങളിൽ പലതും എന്റെ വീട്ടിലേക്ക് ഒഴുകി. ഞാൻ ഭവനത്തിലില്ലാത്തപ്പോൾ പണം കൊണ്ടു കൊടുത്തിട്ടു പോയവരുണ്ട്. മേനി പറയുകയോ ഹിപോക്രസി പ്രദർശിപ്പിക്കുകയോ അല്ല. സമ്മാനങ്ങൾ വാങ്ങിക്കുന്നത് തികച്ചും വേദനാജനകമാണ് എനിക്ക്. എന്നാൽ സമ്മാനങ്ങൾ കിട്ടിയേ തീരൂ എന്ന മട്ടിൽ വിവാഹത്തിനു ക്ഷണിക്കുന്നവരുമുണ്ട്. പെൺമക്കൾക്കു കിട്ടുന്ന സമ്മാനങ്ങൾ വരന്മാരുടെ ഭവനങ്ങളിൽ കൊടുത്തയയ്ക്കാൻ സമ്മതിക്കാതെ അപഹരിക്കുന്ന അമ്മമാർ ധാരാളം. ഞാൻ കണ്ണു കൊണ്ടു കണ്ട കാഴ്ച പറയാം. വിവാഹം കഴിഞ്ഞു. പെണ്ണു വരനോടൊപ്പം പോകാൻ തയ്യാറെടുക്കുകയാണ്. സ്റ്റീൽ പാത്രങ്ങൾ വട്ടികളിലാക്കി വച്ചിരിക്കുന്നു. അതു കയറ്റാൻ തന്നെ നാലു കാറെങ്കിലും വേണം. പെണ്ണിന്റെ തള്ള എങ്ങു നിന്നോ ഓടി വന്നു. അവർ ഒരു സ്റ്റീൽച്ചരുവം പൊക്കിയെടുത്ത് "മോളേ ഇതു ഞാനെടുക്കട്ടോ?" എന്നു കെഞ്ചി. "വേഗം എടുക്കണം അമ്മ. അവർ കാണരുത്. കണ്ടാൽ കുറച്ചിൽ" വരന്റെ വീട്ടുകാർ കാണാതെ തള്ള ചരുവം മുറിക്കകത്ത് ആക്കി. വേറൊരു സ്റ്റീൽ ചരുവം പൊക്കിയെടുത്തു. "മോളേ" അതും മുറിയിലായി. ഇങ്ങനെ പല "മോളേ" വിളികൾ. അതോടൊപ്പം സ്റ്റീൽപ്പാത്രങ്ങളുടെ മോഷണങ്ങളും. ഒടുവിൽ ഒരു കവറെടുത്തു തുറന്നു. "മോളേ ഇരുന്നൂറു രൂപയുണ്ട്. നൂറുരൂപ അമ്മയ്ക്ക്" പെണ്ണ് ഓടി വന്ന് രൂപ പിടിച്ചു വാങ്ങിച്ചു. അപ്പോഴേക്കും വരന്റെ വീട്ടുകാരിൽ ചിലർ അവിടെ വന്നു. ഇല്ലെങ്കിൽ പിന്നെയും ആർത്തിയോടുള്ള "മോളേ" വിളികൾ ഉയരുമായിരുന്നു. ആർജ്ജനത്തിനുള്ള അഭിലാഷമാണ് ഇവിടെ കണ്ടത്. ഈ അത്യാർത്തി മറ്റുള്ളവരിൽ വെറുപ്പ് എന്ന വികാരമുളവാക്കും. വേറെ ചിലരുണ്ട് ഉന്നതമായ സർക്കാർ ജോലിയിലിരുന്നു പെൻഷൻ പറ്റും. സർവീസിലിരിക്കുമ്പോൾ പട്ടിണി കിടന്നും അന്യന കിട്ടാനുള്ളതു പിടിച്ചു വാങ്ങിച്ചും ധാരാളം സമ്പാദിക്കുന്നു. പിന്നീട് വിശ്രമിച്ചാൽ മതി. വിശ്രമിക്കില്ല. ചായക്കടയോ, മുറുക്കാൻ കടയോ തുടങ്ങും. ജോലിയിലിരിക്കുമ്പോൾ തുകകൾ സാങ്ഷൻ ചെയ്തും കീഴ്ജീവനക്കാരെ സ്ഥലം മാറ്റിയും പ്രതാപം കാണിച്ചിരുന്ന മനുഷ്യൻ "പത്തു പൈസക്ക് മുറുക്കാൻ" എന്ന് ഒരുത്തൻ വന്ന് ആവശ്യപ്പെടുമ്പോൾ രണ്ടു വെറ്റയെടുത്തുവച്ച് ഒരു പാക്ക് കത്തികൊണ്ടു മുറിക്കും. സങ്കല്പമല്ല. സത്യമാണിത്. കീഴ്ജീവനക്കാരെ വിറപ്പിച്ചിരുന്ന ഒരുദ്യോഗസ്ഥൻ ചായക്കട നടത്തിയെന്നു വരും. പലഹാരമെടുത്തു കൊടുക്കുന്നവൻ വന്നിട്ടില്ലെങ്കിൽ അദ്ദേഹംതന്നെ വരുന്നവരുടെ മുൻപിൽ ഇലകൊണ്ടിട്ട് വാഴയ്ക്കപ്പം എടുത്തു വച്ചെന്നും വരും. ഏതു കൊച്ചു ജന്തുവിനെ കണ്ടാലും ചാടിപ്പിടിക്കുന്ന ക്രൂര ജന്തുവിന്റെ നൃശംസതയാണ് ഇക്കൂട്ടർ കാണിക്കുന്നത്. ഏക്കർ കണക്കിനല്ല, മൈൽ കണക്കിന് വയലുകൾ സമ്പാദിച്ചാലും 'പോരാ, പോരാ' എന്നു പറഞ്ഞുകൊണ്ടു നെട്ടോട്ടം ഓടുന്നവരാണ് ഇവർ. ഷുമാഹർ പറഞ്ഞ Small is beautiful എന്ന തത്വം ഇവർ ഒരിക്കലും മനസ്സിലാക്കില്ല.

ആർജ്ജനത്തിൽ അമിതാഭിലാഷമുള്ളവർക്ക് അച്ഛനെന്നില്ല, അമ്മയെന്നില്ല. അമ്മയുടെ മരണം പോലും അവരെ ചലിപ്പിക്കില്ല. ഈ സത്യം ശ്രീ കിളിരൂർ രാധാകൃഷ്ണൻ 'പുഷ്പചക്രം' എന്ന കഥയിലൂടെ പ്രതിപാദിക്കുന്നു (കഥാമാസിക, നവംബർ 12-17 ലക്കം). ആർക്കും അംഗീകരിക്കാവുന്ന സത്യം; പക്ഷേ, ഭാവശില്പമില്ലാത്ത ഇക്കഥ എനിക്ക് അംഗീകരിക്കാനാവുന്നില്ല. പ്രതിഭയില്ലാതെ കഥകൾ എഴുതാൻ സാധിക്കുമോ? സാധിക്കുമെന്ന് രാധാകൃഷ്ണൻ ഇക്കഥയിലൂടെ ഉദ്ഘോഷിക്കുന്നു.

## പുസ്തകം




Christopher Van Wyk

ദക്ഷിണാഫ്രിക്കയിലെ മഹാന്മാരായ രണ്ടെഴുത്തുകാരാണ് ആന്ദ്രേ ബിങ്കും ജെ. എം. കുറ്റ്സേയും. അവർ എഡിറ്റ് ചെയ്ത A Land Apart എന്ന പുസ്തകത്തിൽ നേഡിൻ ഗോർഡിമർ തുടങ്ങിയ മുപ്പത്തിയഞ്ച് എഴുത്തുകാരുടെ രചനകൾ ഉണ്ട്. തെക്കേയാഫ്രിക്ക ഇന്നൊരു പരിവർത്തന 'ഘട്ട'ത്തിലാണല്ലോ. അതിനോടു ബന്ധപ്പെട്ട ദക്ഷിണാഫ്രിക്കൻ എഴുത്തുകാരുടെ വിചാരങ്ങളും വികാരങ്ങളും ഈ ഗ്രന്ഥം പ്രതിഫലിപ്പിക്കുന്നു. കറുത്ത വർഗ്ഗക്കാർ, വെള്ളക്കാർ, ഇവരുടെ 'ഇംഗ്ലീഷ് രചന'കൾ ആഫ്രിക്കൻസ്, സുലു, സോത്തോ, കൊസ (Xhosa), ഈ ദക്ഷിണാഫ്രിക്കൻ ഭാഷകളിലെ രചനകളുടെ ഇംഗ്ലീഷ് തർജ്ജമകൾ ഇവയെല്ലാം ഈ ഗ്രന്ഥം ഉൾക്കൊള്ളുന്നു. കാവ്യരചനയ്ക്കു Olive Schreiner സമ്മാനം നേടി. Christopher Van Wyk-ന്റെ (1957-ൽ ജനനം) ഒരു കാവ്യം എടുത്തെഴുതട്ടെ.

> He fell from the ninth floor
> He hanged himself
> He slipped on a piece of soap while washing
> He hanged on a piece of soap while washing
> He fell from ninth floor
> He hanged himself while washing
> He slipped from the ninth floor
> He hung from the ninth floor
> He slipped on the ninth floor while washing
> He fell from a piece of soap while slipping
> He hung from ninth floor
> He washed from the ninth floor while slipping
> He hung from a piece of soap while washing

(Faber and Faber, London)



എൻ. വി. കൃഷ്ണവാരിയർ

എൻ. വി. കൃഷ്ണവാരിയർ മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ 'ആനവാൽ' എന്ന കാവ്യത്തെ 'ഫാസിനേറ്റിങ്ങ്' എന്നാണ് ഞാൻ വിശേഷിപ്പിക്കുക. കാമറയുടെ കാചം സുന്ദരമായ പ്രകൃതിദൃശ്യത്തെ പിടിച്ചെടുക്കുന്നതുപോലെ ഒരു ജീവിത സംഭവത്തെ കവി അതിന്റെ മനോഹാരിതയോടെ പിടിച്ചെടുത്തിരിക്കുന്നു. ഒരു വ്യത്യാസം ഫോട്ടോ കലാസൃഷ്ടിയല്ല. കൃഷ്ണവാരിയരുടേത് രമണീയമായ കലാസൃഷ്ടിയും. ഫോട്ടോയിൽ അന്തരീക്ഷം അന്തരീക്ഷം മാത്രം. അതിലൂടെ പറക്കുന്ന പക്ഷി പക്ഷി മാത്രം. എന്നാൽ ഈ കാവ്യത്തിൽ ആനവാൽ കൊതിക്കുന്ന കിട്ടനും കുട്ടനും സംഭവം വർണ്ണിക്കുന്ന 'ഞാനും' വെറും വ്യക്തികളല്ല, സ്വത്വമുള്ള ആളുകളാണ്. അവർ ആ കാവ്യത്തിൽ മാത്രം തേജസ്സോടെ ജീവിക്കുന്ന ആളുകളത്രെ. മൂന്നുപേരും ആനവാൽ കൊതിച്ച് ആനയുടെ അടുത്തു വന്നു നില്ക്കുന്നു. പാപ്പാൻ പുകയില കൊണ്ടുവരാൻ കിട്ടനെ പറഞ്ഞയച്ചു. മോരു കൊണ്ടുവരാൻ കുട്ടനെ പറഞ്ഞയച്ചു. അവർക്കു രണ്ടുപേർക്കും ആനവാൽ കിട്ടും. തനിക്ക് കിട്ടുകയില്ല എന്നു വിചാരിച്ച് കുട്ടി ദുഃഖിക്കുമ്പോൾ—അവന്റെ വീട്ടിൽ കഞ്ഞിവയ്പു പോലുമില്ല—പാപ്പാൻ ആനവാൽ പൊട്ടിച്ച് അവനു നൽകുന്നു. അതു കൈയിൽ കാപ്പായി ഇട്ട് അഭിമാനത്തോടെ അവൻ നില്ക്കുമ്പോൾ മറ്റു രണ്ടുപേരും തിരിച്ചു വരുന്നു. കാവ്യം അവസാനിക്കുന്നു.

> "അദ്ഭുതത്താലേ മിഴിവിടർന്നും
> ഒപ്പമസൂയയാലുള്ളെരിഞ്ഞും
> തങ്ങളിൽത്തങ്ങളിൽക്കിട്ടനും കുട്ടനും
> ഇങ്ങനെചൊല്ലും എനിക്കറിയാം.
> ആനപ്പിണ്ടംവാരും പെണ്ണിന്റെ ചെക്കന്നൊ-
> രാനവാലിന്നുണ്ടോ പഞ്ഞമിപ്പോൾ".

യാഥാർത്ഥ്യമില്ല, യഥാതഥ്യത്തിന് ഒരു യഥാതഥ്യമുണ്ടെങ്കിൽ അതിനെയാണ് കവി സ്ഥിരീകരിക്കുന്നത്. വിഷയത്തിനു യോജിച്ച വൃത്തം. ഒന്നാന്തരം ആഖ്യാനം. വെള്ളത്തിൽ വീണ നിലാവു പോലെ വരികളിലാകെ ഹാസ്യത്തിന്റെ തിളക്കം. ഇതു കവിതയല്ലെങ്കിൽ പിന്നെ ഏതാണു കവിത?

എത്ര ചാരിത്രശാലിനിയാണെങ്കിലും അന്യന്റെ വികാരമിളക്കി വിടാത്ത ഒരു സ്ത്രീയെ എനിക്കു കാണിച്ചുതരൂ— ബൽസാക്ക്.

## ഭാവാത്മകം



ജോർജ് ഓണക്കൂർ

പലരുടെയും വികാരമിളക്കിവിട്ട ഒരു സുന്ദരിയെ ജോർജ് ഓണക്കൂർ "അനന്തരം എന്തു സംഭവിക്കും" എന്ന കഥയിലൂടെ നമുക്കു കാണിച്ചു തരുന്നു. ആ ദർശനം ഭാവാത്മകതയിലൂടെയാണ് നമുക്ക് ലഭിക്കുക. സത്യമാവിഷ്കരിക്കാൻ പല മാർഗ്ഗങ്ങളുണ്ട്. ധ്യാനനിരതനായിരുന്നു ലഭിക്കുന്ന അനുഭൂതിയെ സ്ഥിരീകരിക്കാം. മെസ്കലിൽ കഴിച്ച് അൽഡസ് ഹക്സിലെയെപ്പോലെ അതിന് അതീന്ദ്രിയലോകത്ത് പ്രവേശിക്കാം. ഭാവാത്മകതയിലൂടെയും സത്യദർശനം സാധ്യമാണ്. ഒരു വികാരത്തെ നേർപ്പിച്ചു നേർപ്പിച്ചു കൊണ്ടുവന്നു സ്വർണ്ണശലാകയെന്നപോലെ പ്രത്യക്ഷമാക്കുമ്പോഴാണ് ഭാവാത്മകത്വം ഉത്കൃഷ്ടതയിലെത്തുന്നത്. രതി എന്ന ഭാവത്തെ ഇപ്രകാരം ആവിഷ്കരിക്കുന്നു എന്നതാണ് ഇക്കഥയുടെ സവിശേഷത. ഇവിടെ ഇതിവൃത്തത്തിനു സ്ഥാനമില്ല (കഥ കലാകൗമുദിയിൽ).

## കള്ളം-പലവിധം

**വിമൻസ് ഹോസ്റ്റലിലെ പെൺകുട്ടി:** എന്റെ ചേട്ടനാണ് ഇപ്പോൾ എന്നെ കാണാൻ വന്നത്.

**പത്രാധിപർ:** നിങ്ങളയച്ച കഥ ഞാൻ കണ്ടില്ലല്ലോ.

**ഡോക്ടർ:** ഏയ് ഒന്നും പേടിക്കാനില്ല.

**കേരളത്തിലെ സാഹിത്യകാരൻ:** ഞാൻ ആ ഇംഗ്ലീഷ് പുസ്തകം കണ്ടിട്ടേയില്ല.

□

## എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന് ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്ന മലയാള വിഭാഗം തലവനായി വിരമിച്ചു.

## സാഹിത്യവാരഫലം



36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലോ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കറിക്ക കൊള്ളുന്ന നർമ്മവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.




1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്ന കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൗസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക്ക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യവാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.